"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ ഹരിത സഹായ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തൽ - സേവന-വേതന വ്യവസ്ഥകൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1036/2023/LSGD തീയതി,തിരുവനന്തപുരം, 15-05-2023

---

പരാമർശം:-

1. സ.ഉ. (സാധാ) നം. 604/2023/ത.സ്വ.ഭ.വ തീയതി 13/03/2023.
2. ബഹു. കേരള ഹൈക്കോടതിയുടെ WP(C) 7844/2023 (s) നമ്പർ കേസിലെ ഉത്തരവ്.
3. സ.ഉ (സാധാ) നം. 2420/2017/ത.സ്വ.ഭ.വ തീയതി 15/07/2017.
4. സ.ഉ (സാധാ) നം. 407/2018/തസ്വഭവ, തീയതി 09/02/2018.
5. സ.ഉ (സാധാ) നം. 471/2019/തസ്വഭവ, തീയതി 01/03/2019.
6. തസ്വഭവ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന പ്രതിദിന അവലോകന യോഗ തീരുമാനങ്ങൾ.
7. 13 മാർച്ച്2023-ൽ തീയതി ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അധ്യക്ഷതയിൽ ചേർന്ന ഹരിത സഹായ സ്ഥാപനങ്ങളുടെ യോഗം.
8. ശുചിത്വ മിഷൻ/ ഹരിതകേരളം മിഷൻ അംഗീകൃത ഹരിത സഹായ സ്ഥാപനങ്ങൾ, റിജക്ട് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് അനുമതിയുള്ള ഏജൻസികൾ എന്നിവരുമായി 2023 മാർച്ച് 24-ന് കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന ഓൺലൈൻ, യോഗം.
9. 2023 മാർച്ച് 27-ന് കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയുടെ അധ്യക്ഷതയിൽ, സെക്രട്ടറിയുടെ ചേംബറിൽ ചേർന്ന യോഗം.
10. 19.02.2022 തീയതിയിലെ നവകേരളം കർമ്മപദ്ധതി കോർഡിനേറ്ററുടെ എച്ച്.കെ.എം/എ2/625/18 നമ്പർ നടപടിക്രമം.

**<u>ഉത്തരവ്</u>**

പരാമർശം (1), (2) ഉത്തരവുകളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ കൊച്ചി നഗരസഭയിൽ 2023 ജൂൺ 5-ന് മുമ്പായി സുസ്ഥിര ശുചിത്വ-മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കി മാലിന്യ മുക്ത നഗരസഭയായി പ്രഖ്യാപിക്കേണ്ടതുണ്ട്. നഗരസഭയുടെ ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാൻറിലുണ്ടായ തീപിടുത്തത്തെ തുടർന്ന് വികേന്ദ്രീകൃത മാതൃകയിൽ ശാസ്ത്രീയ

മാലിന്യ സംസ്കരണ പദ്ധതികൾ നഗരസഭയുടെ ഗാർഹിക - സ്ഥാപന പൊതുയിടങ്ങളിൽ സ്ഥാപിച്ചും വാതിൽപ്പടി ശേഖരണം ഉറപ്പാക്കിയും, പാഴ്‌വസ്തുക്കളുടെ ശാസ്ത്രീയ ശേഖരണവും സംസ്കരണവും ഉറപ്പാക്കേണ്ടതുമുണ്ട്.

2. ആയതിനാൽ നഗരസഭയുടെ മാലിന്യ സംസ്കരണ പദ്ധതികൾക്ക് ശക്തി പകരുന്നതിനായി ശുചിത്വമിഷൻ/ഹരിതകേരളം മിഷൻ തുടങ്ങിയ അംഗീകൃത ഹരിതസഹായ സ്ഥാപനങ്ങളുടെ സേവനം അടിയന്തിരമായി പ്രയോജനപ്പെടുത്തുന്നതിന് പരാമർശം (6) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. മാലിന്യം കുടിക്കലർന്ന് വരുന്നത് ഒഴിവാക്കി പകരം തരംതിരിക്കൽ പ്രവർത്തനവും ശാസ്ത്രീയ സംസ്കരണവും അടിയന്തിരമായി കൊച്ചി നഗരസഭയിൽ നടപ്പിലാക്കേണ്ടതിനാൽ, ഒരേ സമയം ഒന്നിലധികം ഹരിത സഹായ സ്ഥാപനങ്ങളെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ വാർഡുകളുടെ ചുമതല നൽകി പ്രവർത്തിപ്പിക്കേണ്ടത് അനിവാര്യമാണ്.

3.കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം പ്രായോഗികമാക്കുന്നതിന് വേണ്ടി പരാമർശം (7) പ്രകാരം നടന്ന യോഗത്തിൽ ഹരിതസഹായ സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ച നടത്തുകയും നിലവിലുള്ള മാർഗ്ഗരേഖയിലെ കൺസൾട്ടേഷൻ ഫീസ് നിരക്കിൽ പ്രവർത്തിക്കുന്നതിന്റെ പ്രായോഗിക പ്രശ്നങ്ങൾ ഹരിത സഹായ സ്ഥാപന പ്രതിനിധികൾ യോഗത്തിൽ ചൂണ്ടിക്കാണിക്കുകയും പ്രസ്തുത വിവരം പരാമർ ശം (6) പ്രകാരം നടന്ന യോഗത്തിൽ ഉന്നയിക്കുകയും ഇത് സംബന്ധിച്ച് ശുപാർശ സർക്കാരിലേയ്ക്ക് സമർപ്പിക്കാൻ യോഗത്തിൽ തീരുമാനിക്കുകയും ചെയ്തു. പരാമർ ശം (8) പ്രകാരം ചേർന്ന ഓൺലൈൻ യോഗത്തിൽ കൊച്ചി നഗരസഭയിൽ പ്രവർത്തിക്കുന്നതിന് താൽപര്യമറിയിച്ച 1 8 ഹരിതസഹായ സ്ഥാപനങ്ങളുടെ / റിജക്ട് മാലിന്യം ശേഖരിക്കുന്നതിന് അനുമതിയുള്ള ഏജൻസികളുടെ നേരിട്ടുള്ള യോഗം കൊച്ചി നഗരസഭ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേരുകയും സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തിരുന്നു.

4.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. ഹൈക്കോടതി ഉത്തരവുകളുടെയും ഹരിത ട്രൈബ്യൂണൽ നിർദ്ദേശങ്ങളുടെയും, സർക്കാർ ഉത്തരവുകളുടെയും പശ്ചാത്തലത്തിൽ പ്രസ്തുത ഹരിത സഹായ സ്ഥാപനങ്ങളുമായി ചുവടെപറയുന്ന നിബന്ധനകൾക്കനുസൃതമായി കരാർ വച്ച് പ്രവർത്തിക്കുന്നതിന് കൊച്ചി നഗരസഭാ സെക്രട്ടറിയ്ക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

1. ഹരിതസഹായ സ്ഥാപനമായി പ്രവർത്തിക്കുന്നതിന് താല്പര്യമറിയിച്ചിട്ടുള്ള 18 ശുചിത്വമിഷൻ/ ഹരിത കേരള മിഷൻ അംഗീകൃത ഏജൻസികളിൽ നിന്ന് അനുയോജ്യരായ ഏജൻസികളെ ശുചിത്വ മിഷൻ/ ഹരിത കേരള മിഷൻ മുഖേന തെരഞ്ഞെടുത്ത് കരാർ വച്ച് പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
2 . കരാറിൽ ഏർപ്പെടുന്ന ഹരിതസഹായ സ്ഥാപനങ്ങൾക്ക് വാർഡൊന്നിന് എല്ലാ നികുതികളും ഉൾ പ്പെടെ 14,000/- രൂപ (പതിനാലായിരം രൂപ മാത്രം) പ്രതിമാസ നടത്തിപ്പ് തുകയായി അനുവദിക്കാവുന്നതാണ്. ഹരിതസഹായ സ്ഥാപനങ്ങളെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ നിയോഗിച്ച് പ്രവർത്തിക്കേണ്ടതാണ്.
3. കൊച്ചി നഗരസഭയുമായി കരാറിൽ ഏർപ്പെടുന്ന ഹരിത സഹായ സ്ഥാപനങ്ങൾ പരാമർശം (1) മുതൽ (5) വരെ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും കാലാകാലങ്ങളിൽ സർക്കാർ, ശുചിത്വമിഷൻ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കുവാൻ ബാധ്യസ്ഥരായിരിക്കും.
4 . ഹരിതസഹായ സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകുന്ന വാർഡുകളിൽ ഹരിതകർമ്മസേനയുടെ ശാക്തീകരണം, ഡോർ ടു ഡോർ ക്യാമ്പയിൻ, വിവര- വിജ്ഞാപന-

വ്യാപന-ശേഷിവികസനപ്രവർത്തനങ്ങൾ സമയാസമയങ്ങളിൽ നഗരസഭയ്ക്കും ശുചിത്വമിഷനും സർക്കാരിലേയ്ക്കും റിപ്പോർട്ട് സമർപ്പിക്കൽ, മിനി എംസിഎഫ്, എംസിഎഫ്, ആർആർഎഫ് മോണിറ്ററിംഗ് എന്നിവ ഹരിതസഹായ സ്ഥാപനങ്ങളുടെ പ്രഥമ ചുമതലയായിരിക്കും.

5 . സർക്കാർ/ശുചിത്വമിഷൻ അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾ, സേവനദാതാക്കൾ മുഖേന ചട്ടങ്ങൾ പാലിച്ച്, ഗാർഹിക-സ്ഥാപന-പൊതുതലങ്ങളിൽ നഗരസഭ ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കേണ്ടതും ആയതിന്റെ പ്രതിദിന പരിപാലനം ഹരിതകർമ്മസേന മുഖേന ഹരിത സഹായ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ ഉറപ്പാക്കേണ്ടതുമാണ്. ഹരിതസഹായ സ്ഥാപനങ്ങൾക്ക് ക്ലസ്റ്ററുകൾ നിശ്ചയിക്കുന്നത് മുനിസിപ്പൽ കോർപ്പറേഷനും ഹരിതകേരള മിഷനും ശുചിത്വമിഷനുമായി കൂടിയാലോചിച്ച് നടപ്പിലാക്കേണ്ടതാണ്.

6 . ഹരിതസഹായസ്ഥാപനങ്ങളുടെ പ്രവർത്തനകാലാവധി കരാർ വയ്ക്കുന്ന തീയതി മുതൽ 1 വർഷമായിരിക്കും. ഓരോ 3 മാസത്തിലും ഹരിത സഹായ സ്ഥാപനങ്ങളുടെ പ്രവർത്തനം നഗരസഭ, ശുചിത്വമിഷൻ, ജില്ലാതല ഏകോപന സമിതി എന്നിവർ വിലയിരുത്തേണ്ടതും പ്രവർത്തനം തൃപ്തികരമല്ലാത്തപക്ഷം കരാർ റദ്ദ് ചെയ്യാവുന്നതുമാണ്.

7 . ഹരിത സഹായ സ്ഥാപനങ്ങളുടെ പ്രവർത്തനം നഗരസഭാ ആരോഗ്യ വിഭാഗം പ്രതിദിനവും നഗരസഭാ സെക്രട്ടറി ആഴ്ചയിൽ ഒരിക്കലും ജില്ലാതല ഏകോപന സമിതി പ്രതിമാസവും വിലയിരുത്തേണ്ടതാണ്.

8 . നഗരസഭ ഹരിതസഹായ സ്ഥാപനങ്ങളുമായി വയ്ക്കേണ്ട കരാർ എറണാകുളം ജില്ലാ കോർഡിനേറ്റർ - ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ എന്നിവർ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

9. ഉറവിടത്തിൽ സംസ്കരിക്കാൻ പറ്റാതെ വരുന്ന ജൈവ മാലിന്യം, അറവ് മാലിന്യം, കോഴി മാലിന്യം, സാനിറ്ററി മാലിന്യം, മുടി മാലിന്യം, അപകടകരമായ മാലിന്യം, കൺ സ്ട്രക്ഷൻ & ഡിമോളിഷൻ മാലിന്യം എന്നിവ ശാസ്ത്രീയ സംസ്കരണത്തിന് കൈമാറുന്നതിന് അനുയോജ്യ സ്ഥാപനങ്ങളെ നഗരസഭ താൽപര്യപത്രം ക്ഷണിച്ച് കണ്ടെത്തി കരാർ വെച്ച് പ്രവർത്തിപ്പിക്കേണ്ടതാണ്.

10. ഇത്തരത്തിൽ കരാർ വയ്ക്കുവാൻ തയ്യാറുള്ള സ്ഥാപനങ്ങളുടെ സംസ്കരണ പ്ലാന്റ്, സംസ്കരണ രീതി, സർക്കാർതല അനുമതികൾ എന്നിവ ശുചിത്വമിഷൻ, കെ.എസ്.ഡബ്ല്യൂ.എം.പി, നഗരസഭ സാങ്കേതിക, ആരോഗ്യ വിഭാഗങ്ങൾ എന്നിവർ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

കോർഡിനേറ്റർ നവകേരളം കർമ്മപദ്ധതി 2

പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം

ഡയറക്ടർ (Urban), LSGD, തിരുവനന്തപുരം

ഡയറക്ടർ (Rural), LSGD, തിരുവനന്തപുരം

സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ

മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം

എക്സ്ക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
M.k.pradeesh Kumar
Date: 15-05-2023 12:24:41
സെക്ഷൻ ഓഫീസർ